സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) വായ്പാ സഹകരണ സംഘങ്ങളിലും സഹകരണ ബാങ്കുകളിലും 1-10-2001 മുതൽ നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-3-2005 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 29-11-2001 മുതൽ സഹകരണ അർബൻ ബാങ്കുകളിൽ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും 31-10-2004-ന് അവസാനിപ്പിച്ചിട്ടുണ്ട്.

(ബി) കാലാവധികൾ ദീർഘിപ്പിച്ചു നൽകിയ പ്രകാരം 31-3-2003-ന് പ്രാഥമിക വായ്പാ സംഘങ്ങളിൽ മുഴുവൻ തുകയും കുടിശ്ശികയായി നിൽക്കുന്ന വായ്പ പിഴപ്പലിശ, കൂട്ടുപലിശ, പലിശയ്ക്കു പലിശ, മറ്റ് അന്നാമത്തു ചെലവുകൾ എന്നിവ ഒഴിവാക്കി 31-3-2005 നകം അടച്ചുതീർക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം കാലാവധി എത്തി പൂർണ്ണമായും കുടിശ്ശികയായി നിൽക്കുന്ന കാർഷികേതര വായ്പകളുടെ മുഴുവൻ തുകയും കുടിശ്ശികയായ തീയതി മുതൽ 11% പലിശനിരക്കിലും സ്വന്തം ഫണ്ടിൽ നിന്നും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും കാർഷിക വികസന ബാങ്കുകളും നൽകിയിട്ടുള്ള കാർഷിക വായ്പകൾ 10% പലിശനിരക്കിലും ഒറ്റത്തവണയായി മാത്രം അടച്ചുതീർക്കാവുന്നതാണ്. ഒന്നിച്ച് അടച്ചുതീർക്കാൻ കഴിയാത്തവർക്ക് കുടിശ്ശികയുടെ 10% അടച്ച് ബാക്കി 10 പ്രതിമാസ തുല്യതവണകളായി 11% പലിശ നിരക്കിൽ അടച്ചുതീർക്കാവുന്നതാണ് ആർബിട്രേഷൻ എക്സിക്യൂഷൻ സ്റ്റേജിൽ നിൽക്കുന്ന കേസുകൾക്കും ഈ സ്കീം ബാധകമാണ്.

മറ്റു സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങി വായ്പാവിതരണം നടത്തിയിട്ടുള്ള കേസുകളിൽ കടം വാങ്ങിയ നിരക്കിൽ പലിശ ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ 31-3-2000-ന് എൻ. പി. എ. ആയി നിൽക്കുന്ന വായ്പ, കുടിശ്ശിക തീയതി മുതൽ 31-3-2000 വരെ 11% പലിശ നിരക്കിലും അതിനു ശേഷമുള്ള പലിശ പൂർണ്ണമായി ഇളവു നൽകിയും അർബൻ ബാങ്കുകളിൽ 31-3-2001 വരെയുള്ള വായ്പാ കുടിശ്ശിക പിഴപ്പലിശ, പലിശയ്ക്കു പലിശ, കൂട്ടുപലിശ എന്നിവ ഒഴിവാക്കി 12% പലിശ നിരക്കിലും അടച്ചു തീർക്കാൻ വ്യവസ്ഥ ചെയ്തിരുന്നു.

കാർഷിക വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

*11 [497] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. കെ. ബാലൻ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായ്പാ കുടിശ്ശികകൾ ഈടാക്കുന്നതിനു വേണ്ടിയുള്ള ജപ്തി നടപടികൾ പുനരാരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് വൺ ടൈം സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കുന്നതിന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നല്കുകയുണ്ടായോ;

(സി) വിളകളുടെ വിലയിടിവും കൃഷിനാശവും കാർഷിക പ്രതിസന്ധിയും മൂലം വായ്പാ കുടിശ്ശിക വരുത്തിയ കൃഷിക്കാരെ സഹായിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കിക്കൊണ്ട് വൺ ടൈം സെറ്റിൽമെന്റ് സ്കീം ഉദാര വ്യവസ്ഥകളോടുകൂടി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഉദാര വ്യവസ്ഥകളോടുകൂടിയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതുമൂലം സംഘങ്ങളുടെ കുടിശ്ശിക കുറയുന്നതോടുകൂടി പ്രവർത്തനം മെച്ചപ്പെടുന്നതിനാൽ സർക്കാർ ആയതിലേക്കായി പ്രത്യേക സഹായം നല്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനം

*12 [498] ശ്രീ. ടി. കെ. ബാലൻ :
,, കെ. പി. സതീശ്ചന്ദ്രൻ :
,, സാജു പോൾ :
,, എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സി. എ. പി. ഇ. (കേപ്പ്)-ന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) സി. എ. പി. ഇ. (കേപ്പ്)-ന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകൾക്കും എ. ഐ. സി. ടി. ഇ.-യുടെയും ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെയും മറ്റും അംഗീകാരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇതിന്റെ കീഴിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനുദ്ദേശ്യമുണ്ടോ; ഏതെല്ലാം കോളേജുകളിലാണ് പുതിയ കോഴ്സുകൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly